# പതിനാലാം കേരള നിയമസഭ

*രണ്ടാം സമ്മേളനം*

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1065**

**30.09.2016-ൽ മറുപടിക്ക്**

## മുക്കം മുനിസിപ്പാലിറ്റിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജോർജ് എം. തോമസ്** | | **ഡോ. കെ.റ്റി. ജലീൽ**<br>**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) പുതുതായി രൂപീകരിച്ച മുക്കം മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിയുൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) & (സി) | നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പദ്ധതി പ്രവർത്തനം നടത്തി വരുന്നു. മുനിസിപ്പൽ സെക്രട്ടറിയെ നിയമിക്കുന്നതിന് സർക്കാരിൽ നിന്നും പി.എസ്.സി. യിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുക്കം മുനിസിപ്പാലിറ്റിയിൽ അനുവദിച്ച ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക നികത്തിയിട്ടുണ്ട്. മറ്റുള്ള ജീവനക്കാരെ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറും, തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറും നടപടി സ്വീകരിച്ചു വരുന്നു. |
| സി) സെക്രട്ടറി, എഞ്ചിനീയർമാർ തുടങ്ങിയവരെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**